(16) പൊതുവിതരണ സമ്പ്രദായത്തിന് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി.

(17) എഫ്. എ. സി. ടി. അമോണിയ പ്ലാന്റിന് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി.

(18) കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി.

(19) ലോവർ പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് വേണ്ടിയുള്ള വ്യവസായ ബന്ധസമിതി.

(ബി) ഉണ്ട്.

(സി) കാലാവധി തീരുന്ന മുറയ്ക്ക് പുനഃസംഘടിപ്പിക്കുന്നതാണ്.

റോഡപകട മരണനിരക്ക് കുറയ്ക്കുന്നതിന് നടപടികൾ

25 [*355] ശ്രീമതി എലിസബത്ത് മാമൻ മത്തായി :
ശ്രീ.തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യേന പെരുകിക്കൊണ്ടിരിക്കുന്ന റോഡപകട മരണനിരക്ക് കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) റോഡപകട കാരണങ്ങൾ വസ്തുനിഷ്ഠമായി പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് ഗതാഗത ശൃംഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ധസമിതി രൂപീകരിക്കുമോ ;

(സി) സ്പീഡ് ഗവർണറുകൾ സുഗമവീഥികളിൽ അശാസ്ത്രീയവും അകാലികവുമാണെന്ന അഭിപ്രായം പരിഗണിക്കുമോ ;

(ഡി) റോഡുകളുടെ സുഗമ്യതയും, ഗതാഗത നിയന്ത്രണാധികാരികളുടെ സജീവ സാന്നിദ്ധ്യവും ഉറപ്പുവരുത്തുകയാണ് ഇക്കാര്യത്തിൽ അടിയന്തിരാവശ്യം എന്ന നിർദ്ദേശം പരിഗണിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) റോഡപകട മരണനിരക്ക് കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് കർശനമായ പല നടപടികളും ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, പുകമലിനീകരണം എന്നിവ കണ്ടുപിടിക്കുന്നതിനുവേണ്ടി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ എന്നിവ ഘടിപ്പിച്ച വാഹനങ്ങൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മേഖലാ ആഫീസുകളുടെ കീഴിലും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആർ. ടി. ഒ. മാരുടെ കീഴിൽ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, ഓരോ ഡി. റ്റി. സി. മാരുടെ കീഴിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ വാഹന പരിശോധന കർശനമാക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റോഡ് സുരക്ഷ മുൻനിർത്തി എല്ലാ വർഷവും ജനുവരി ആദ്യ വാരം റോഡു സുരക്ഷാ വാരമായി ആചരിക്കുന്നു. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തുന്നുണ്ട്. അപകട സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ സോളാർ ബിക്കേഴ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാതകളിലേയും മറ്റു പ്രധാനപ്പെട്ട പാതകളിലേയും അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ലിസ്റ്റ് തയ്യാറാക്കി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ റോഡപകടങ്ങളിൽ പെടുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിര സഹായം എത്തിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള റോഡു സുരക്ഷാ ബില്ലും തയ്യാറായി വരുന്നുണ്ട്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനും നടപ്പിലാക്കാനും സർക്കാർ ഉത്തരവ് ജി.ഒ. (എം. എസ്.) നമ്പർ 1/05/ഗതാഗതം, തീയതി 13-1-2005 പ്രകാരം ഗതാഗത കമ്മീഷൻ അദ്ധ്യക്ഷനായി ഒരു സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ഉൾപ്പെടുന്ന ഒരു ജില്ലാതല മോണിട്ടറിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(സി)യും (ഡി)യും സ്പീഡ് ഗവർണറുകൾ അശാസ്ത്രീയവും അകാലികവുമാണെന്ന അഭിപ്രായത്തോട് സർക്കാരിന് ജോജിപ്പില്ല.

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതിയ വ്യാവസായ നയംകൊണ്ട് വ്യവസായ മേഖലയിൽ വന്ന മാറ്റം

1 [2038] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത നയംകൊണ്ട് സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ഇതുവരെ എന്ത് വികസനമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2004 സെപ്റ്റംബറിൽ അധികാരമേറ്റ സർക്കാർ പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പുറപ്പെടുവിച്ച വ്യവസായനയം അനുബന്ധമായി ചേർത്തിരിക്കുന്നു. (†) ഈ നയമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

(ബി) കെ. എസ്. ഐ. ഡി. സി.യുടെ ആഭിമുഖ്യത്തിൽ വ്യവസായ മേഖലയിൽ സംസ്ഥാനത്ത് വൻ നിക്ഷേപങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർത്തിരിക്കുന്നു.

(†) ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly